● നയരേഖ ●

# പാഠപുസ്തക വിവാദം: ഇത്ര കൂടി

**പാഠപുസ്തക വിവാദവുമായി ബന്ധപ്പെട്ട് കേരള സർക്കാർ രൂപവത്കരിച്ച വിദഗ്ധ സമിതിയുടെ ചോദ്യാവലിയോട് പ്രതികരിച്ച് എസ്.ഐ.ഒ കേരള ഘടകം തയാറാക്കി സമർപ്പിച്ച കുറിപ്പ്. പാഠപുസ്തക വിവാദത്തിലെ ശ്രദ്ധിക്കപ്പെടാതെ പോയ പല മൗലിക വശങ്ങളും ചർച്ച ചെയ്യുന്നുവെന്ന അർഥത്തിൽ ഇത് പ്രസക്തമാണ്.**

*1. 5,6,7 ക്ലാസുകളിലെ സാമൂഹിക ശാസ്ത്രം സിലബസ് ഒരുമിച്ചെടുത്ത് പരിശോധിച്ചാൽ ആ പ്രായത്തിലുള്ള കുട്ടികൾക്ക് ലഭിച്ചിരിക്കേണ്ട ധാരണകളും ശേഷികളും ലഭ്യമാവില്ലേ?*

എല്ലാം ലഭ്യമാണെന്ന് പറയാൻ പറ്റില്ല. പാഠപുസ്തകത്തിലൂടെ അതെല്ലാം ലഭ്യമാക്കാൻ സാധിക്കും എന്നുകരുതാനുമാവില്ല. അങ്ങനെ എല്ലാം ലഭ്യമാക്കിയേ അടങ്ങൂ എന്ന് വാശിപിടിക്കേണ്ട കാര്യവുമില്ല.

മുൻവർഷങ്ങളിലെ പാഠപുസ്തകങ്ങളെ അപേക്ഷിച്ച് ഉള്ളടക്കം കുറവാണ് എന്ന അഭിപ്രായം പൊതുവിൽ നിലവിലുണ്ട്. ഈ അഭിപ്രായത്തോട് എസ്.ഐ.ഒ യോജിക്കുന്നു. എന്നാൽ പുതിയ ബോധന സമ്പ്രദായത്തിലൂടെ ഉള്ളടക്കത്തിലെ ഈ കുറവിനെ മറികടക്കാൻ കഴിയും എന്ന ആശയവും പ്രസക്തമാണെന്ന് സംഘടന വിശ്വസിക്കുന്നു.

*2. പ്രവർത്തനാധിഷ്ഠിതവും പ്രക്രിയാബന്ധിതവുമായ ബോധനരീതി അവലംബിക്കുന്ന കേരളത്തിലെ വിദ്യാർഥികൾക്ക് പുസ്തകഭാരം കുറഞ്ഞെങ്കിലും അധ്വാനഭാരം കൂടിയെന്ന വിമർശനമുണ്ട്. എന്താണിതേപ്പറ്റി അഭിപ്രായം?*

അധ്വാനത്തിന്റെ സ്വഭാവത്തിലാണ് മാറ്റം വന്നത്. അത് കുറക്കേണ്ടതില്ല. അതേസമയം പരീക്ഷാപേടിക്ക് പകരം പുതിയ സമ്മർദങ്ങളും ആശങ്കകളും പ്രക്രിയാബന്ധിത പഠനത്തിന്റെ ഫലമായി കുട്ടികൾ അനുഭവിക്കുന്നുണ്ട്. അധ്വാനം കുറക്കാതെ ഇതെങ്ങനെ മറികടക്കാമെന്നാലോചിക്കണം.

*3. മേൽ പറഞ്ഞ ബോധന-മൂല്യനിർണയ രീതികൾ അധ്യാപകരുടെ അധ്വാനഭാരം കൂട്ടിയെന്ന് അഭിപ്രായമുണ്ടോ?*

അധ്വാനിക്കുന്ന അധ്യാപകർക്ക് ഭാരം കൂടിയിട്ടുണ്ട്. എന്നാൽ വലിയൊരു വിഭാഗം അധ്യാപകരും പുതിയ ബോധനരീതി പ്രയോഗത്തിൽ വരുത്തുന്നില്ല. അതിനോട് മാനസികമായി താദാത്മ്യപ്പെടാനോ അത് ഉൾക്കൊള്ളാനുള്ള ബോധപരവും സാങ്കേതികവുമായ ശേഷി നേടിയെടുക്കാനോ അവർക്ക് സാധിച്ചിട്ടില്ല. ഇത് അവരുടെ മാത്രം പ്രശ്നമല്ല. അധ്യാപക പരിശീലന കോഴ്സുകളുടെ ഉള്ളടക്കം പുതിയ ബോധന രീതിക്കനുസരിച്ച് പുനഃക്രമീകരിക്കപ്പെടണം.

*4. ശാസ്ത്രീയ വീക്ഷണം, മതനിരപേക്ഷത, സമത്വം, ചൂഷണത്തിൽ നിന്നുള്ള മോചനം തുടങ്ങിയ ഭരണഘടനാ തത്ത്വങ്ങൾ പാഠപുസ്തകങ്ങളിലൂടെ പ്രചരിപ്പിക്കേണ്ടതല്ലേ? അതിന് നിരക്കാത്ത ഏതെങ്കിലും പാഠഭാഗങ്ങളുണ്ടോ?*

തീർച്ചയായും ഈ വക കാര്യങ്ങളെക്കുറിച്ച സാമാന്യ ധാരണ വിദ്യാർഥികൾക്ക് ലഭിക്കാൻ പാഠപുസ്തകം സഹായകമാകണം. പക്ഷേ, ഈ പറഞ്ഞ കാര്യങ്ങളെക്കുറിച്ചെല്ലാം പലവിധ വ്യാഖ്യാനങ്ങൾ നമുക്കിടയിലുണ്ട്. ഇത്തരം വ്യാഖ്യാന വൈവിധ്യങ്ങളെ അവഗണിച്ച് ഏകശിലാപരമായ അഭിപ്രായങ്ങൾ അടിച്ചേൽപിക്കാൻ പാഠപുസ്തകത്തെയോ ക്ലാസ് മുറികളെയോ ഉപയോഗിക്കാൻ പാടില്ല.

ഉദാഹരണം1: ശാസ്ത്രീയ വീക്ഷണം- നിശ്ചിതമായ ചില കാര്യങ്ങൾ മാത്രമാണ് ശാസ്ത്രീയം എന്ന് ശഠിക്കുന്ന യാഥാസ്ഥിതികർ നമ്മുടെ സമൂഹത്തിൽ ധാരാളമുണ്ട്. ഉദാഹരണമായി യുക്തിവാദികൾ. അപ്പോൾ എന്താണ് ശാസ്ത്രീയ വീക്ഷണം എന്ന പ്രശ്നം ഉത്ഭവിക്കുന്നു. അതായത്, ശാസ്ത്രം/ ശാസ്

**●**

**വൈവിധ്യങ്ങളെ ഉൾക്കൊള്ളാനുള്ള ആശയപരമായ ശേഷി പാഠപുസ്തകത്തിനില്ല. വ്യത്യസ്ത മതങ്ങളല്ല, മതമേ ഇല്ലാത്ത ജീവനാണ് അതിലെ പ്രധാനപ്പെട്ടൊരു മാതൃകാ വ്യക്തിത്വം. വ്യത്യസ്ത വസ്ത്രധാരണരീതികൾക്ക് പകരം പൊതുവസ്ത്രം എന്നൊരു വിചിത്രമായ ആശയമാണ് പാഠപുസ്തകം ഉയർത്തിക്കാട്ടുന്നത്. എല്ലാവരെയും യൂനിഫോം ധരിപ്പിക്കുന്ന, എല്ലാവരെയും 'മതനിരാസം' എന്ന ഒറ്റ മതത്തിൽ കണ്ണിചേർക്കുന്ന ഒരുതരം സാംസ്കാരിക ശുദ്ധീകരണത്തിനു വേണ്ടി പാഠപുസ്തകം ശ്രമിക്കുന്നതായി അനുഭവപ്പെടുന്നു.**

**●**

ത്രീയം എന്ന ആശയം തന്നെ പ്രശ്നവത്കരിക്കപ്പെട്ട ഒരു ജ്ഞാന പരിസരത്താണ് നാമുള്ളത്. വിമർശനാത്മക ബോധനരീതി പിന്തുടരുന്ന ഒരു പഠനസമ്പ്രദായത്തിൽ ഇത്തരം പ്രശ്നവത്കരണങ്ങളെ മറികടന്നുള്ള ഏകപക്ഷീയ സത്യങ്ങൾ മാത്രം പഠിപ്പിക്കാൻ പാടില്ല.

ഉദാഹരണം 2: സമത്വം- സ്ത്രീ പുരുഷ സമത്വം, വർഗ സമത്വം തുടങ്ങിയവയുമായി ബന്ധപ്പെട്ട് ഭിന്നവും തികച്ചും വിരുദ്ധവുമായ ആശയങ്ങൾ നമുക്കിടയിൽ പ്രബലമായി നിലനിൽക്കുന്നുണ്ട്. ഇതിൽ ഏതെങ്കിലും ഒന്നു മാത്രം ഉദാത്തവത്കരിക്കുന്ന സമീപനം പാഠപുസ്തകത്തിലുണ്ടാവാൻ പാടില്ല.

ഉദാഹരണം 3: മതനിരപേക്ഷത- വലിയ ദാർശനിക സമസ്യകൾ ഉൾക്കൊള്ളുന്ന സങ്കീർണവും അങ്ങേയറ്റം പ്രശ്നവത്കരിക്കപ്പെട്ടതുമായ ആശയമാണിത്. തികഞ്ഞ സന്തുലിതബോധത്തോടെ മാത്രമേ ഇത്തരം കാര്യങ്ങൾ ഔദ്യോഗിക പാഠപുസ്തകത്തിൽ കടന്നുവരാൻ പാടുള്ളൂ.

തീർച്ചയായും പാഠപുസ്തകത്തിന്റെ പൊതുവായ അന്തർധാര ഈ വൈവിധ്യങ്ങളെ ഒട്ടും പരിഗണിക്കാത്തതും തികഞ്ഞ ഏകപക്ഷീയത പ്രകടിപ്പിക്കുന്നതുമാണ്. ഇത്തരം കാര്യങ്ങളിൽ അങ്ങേയറ്റത്തെ ലളിതവത്കരണമാണ് പാഠപുസ്തകം സ്വീകരിച്ചിരിക്കുന്ന ശൈലി.

*5. വിവിധ നവോത്ഥാന പ്രസ്ഥാനങ്ങളും ദേശീയ സ്വാതന്ത്ര്യസമര പ്രസ്ഥാനങ്ങളും ഊന്നൽ നൽകിയ ജാതിക്കെതിരായ ചിന്ത, അയിത്തോച്ചാടനം, മതമൈത്രി എന്നീ ആശയങ്ങൾ പാഠപുസ്തകങ്ങളിൽ ഉൾപ്പെടുത്തിക്കൂടേ?*

തീർച്ചയായും ഉൾപ്പെടുത്തണം.

എന്നാൽ മതമൈത്രി എന്ന ആശയവുമായി ബന്ധപ്പെട്ട് തെറ്റായ ചില ബോധങ്ങളാണ് പാഠപുസ്തകം വികസിപ്പിക്കാൻ ശ്രമിക്കുന്നത്. മതമൈത്രി, മതനിരപേക്ഷത, മതേതരത്വം തുടങ്ങിയ പദാവലികളെക്കുറിച്ച് ചില സൂക്ഷ്മതകൾ ഉണ്ടാവേണ്ടതുണ്ട്.

മതമൈത്രി പഠിപ്പിക്കാനെന്ന വ്യാജേന മതനിരാസത്തെ മഹത്വവത്കരിക്കാനുള്ള ശ്രമങ്ങൾ പാഠപുസ്തകത്തിൽ കാണാം. ഏഴാം ക്ലാസ് പാഠപുസ്തകത്തിലെ *മതമില്ലാത്ത ജീവൻ* എന്ന അധ്യായം ഇതിന്റെ മികച്ച ഉദാഹരണമാണ്. ഇതുമായി ബന്ധപ്പെട്ട് താഴെ പറയുന്ന കാര്യങ്ങൾ വ്യക്തമാക്കാൻ സംഘടന ഉദ്ദേശിക്കുന്നു.

* ഇന്ത്യൻ മതേതരത്വം എന്നാൽ ക്ലാസിക്കൽ മതേതരത്വത്തെപോലെ മതനിരാസപരമല്ല.
* ഓരോ ഇന്ത്യൻ പൗരനും തന്റെ മത വിശ്വാസം ആചരിക്കാനും സംരക്ഷിക്കാനും പ്രചരിപ്പിക്കാനുമുള്ള അവകാശമുണ്ട്.
* ഭരണകൂടം ഏതെങ്കിലും ഒരു പ്രത്യേക മതത്തോടോ മതനിരാസത്തോടോ ആഭിമുഖ്യം പുലർത്തില്ല.
* വിശ്വാസങ്ങൾ, ആചാരങ്ങൾ, ഭാഷകൾ, വസ്ത്രധാരണരീതി, സംസ്കാരങ്ങൾ എന്നിവയിൽ നിലനിൽക്കുന്ന വൈവിധ്യങ്ങൾ നമ്മുടെ നാടിന്റെ മഹത്വമായിട്ടാണ് പൊതുവെ വിലയിരുത്തപ്പെടുന്നത്. നാനാത്വത്തിൽ ഏകത്വം ആണ് ഇന്ത്യയുടെ പാരമ്പര്യം.

എന്നാൽ ഈ വൈവിധ്യങ്ങളെ ഉൾക്കൊള്ളാനുള്ള ആശയപരമായ ശേഷി പാഠപുസ്തകത്തിനില്ല. വ്യത്യസ്ത മതങ്ങളല്ല, മതമേ ഇല്ലാത്ത ജീവനാണ് അതിലെ പ്രധാനപ്പെട്ടൊരു മാതൃകാ വ്യക്തിത്വം. വ്യത്യസ്ത വസ്ത്രധാരണരീതികൾക്ക് പകരം പൊതുവസ്ത്രം എന്നൊരു വിചിത്രമായ ആശയമാണ് പാഠപുസ്തകം ഉയർത്തിക്കാട്ടുന്നത്. എല്ലാവരെയും യൂനിഫോം ധരിപ്പിക്കുന്ന, എല്ലാവരെയും 'മതനിരാസം' എന്ന ഒറ്റ മതത്തിൽ കണ്ണിചേർക്കുന്ന ഒരുതരം സാംസ്കാരിക ശുദ്ധീകരണത്തിനു വേണ്ടി പാഠപുസ്തകം ശ്രമിക്കുന്നതായി അനുഭവപ്പെടുന്നു (അധ്യാപക സഹായി പേജ് 59).

*6. പാഠപുസ്തകങ്ങളിൽ ഉൾപ്പെടുത്തിയ ചരിത്ര പുരുഷന്മാരുടെയും ദേശീയ നേതാക്കളുടെയും ലിസ്റ്റിൽ ഇനി ആരെയെങ്കിലും ഉൾപ്പെടുത്തേണ്ടതുണ്ടോ?*

ഉൾപ്പെടുത്താവുന്ന ചില പേരുകൾ:

അയ്യങ്കാളി, മമ്പുറം സയ്യിദ് ഫസൽ പൂക്കോയ തങ്ങൾ, മുഹമ്മദ് അബ്ദുർറഹ്മാൻ സാഹിബ്, എം.പി നാരായണ മേനോൻ, ടിപ്പു സുൽത്താൻ.......

*7. ജാതിയുടെയും മതത്തിന്റെയും പേരിൽ കലാപങ്ങളും ഭീകരപ്രവർത്തനങ്ങളും വർധിച്ചുവരുന്ന ഇക്കാലത്ത് അതിനെതിരായ സന്ദേശം പ്രചരിപ്പിക്കേണ്ടതല്ലേ?*

എ) ഇക്കാലത്ത് ജാതിയുടെയും മതത്തിന്റെയും പേരിൽ കലാപങ്ങളും ഭീകരപ്രവർത്തനങ്ങളും പ്രത്യേകമായി വർധിച്ചുവരുന്നതായി അഭിപ്രായമില്ല. കലാപത്തിന്റെ മൂലകാരണവും ഏകകാരണവും മതമാണ് എന്ന സന്ദേശം പരോക്ഷമായി പ്രചരിപ്പിക്കാൻ ശ്രമിക്കുന്ന ഏഴാം ക്ലാസ് സാമൂഹിക ശാസ്ത്ര പാഠപുസ്തകത്തിന്റെ രീതി തികഞ്ഞ വങ്കത്തമാണ്. കേരളത്തിൽ തന്നെ ഇതുവരെയുണ്ടായ കലാപങ്ങളും സംഘട്ടനങ്ങളും എടുത്ത് പരിശോധിച്ചാൽ ഏറ്റവും കൂടുതൽ ആളുകൾ കൊല്ലപ്പെട്ടത് മതത്തിന്റെ പേരിലല്ല, മതേതര രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെ പേരിലാണ് എന്ന് കാണാൻ കഴിയും. ഈ യാഥാർഥ്യത്തെക്കുറിച്ച് തികഞ്ഞ മൗനം പാലിക്കുന്ന പാഠപുസ്തകം മതത്തെ അപ്പാടെ ഭീകരവൽകരിക്കാനുള്ള ശ്രമമാണ് നടത്തുന്നത്. ജാതിയുടെയും മതത്തിന്റെയും പേരിൽ എന്ന് പറയപ്പെട്ടു നടക്കുന്ന കലാപങ്ങൾ മിക്കതും രാഷ്ട്രീയ പ്രേരിതവും മതേതര രാഷ്ട്രീയ പ്രസ്ഥാനങ്ങൾ സൃഷ്ടിക്കുന്നതുമാണ്. ഇന്നത്തെ വർഗീയ കലാപങ്ങൾ അടിസ്ഥാനപരമായി മതപരമല്ലെന്നും മറിച്ച്, ആധുനിക മതേതരത്വത്തിന്റെ ഉപോൽപന്നമാണെന്നും അശിഷ് നന്ദി, റൊമിലാ ഥാപ്പർ, ബിപിൻ ചന്ദ്ര തുടങ്ങിയ സാമൂഹിക ശാസ്ത്രജ്ഞർ നിരീക്ഷിച്ചത് ഓർക്കുക.

എന്നാലും വർഗീയമായ എല്ലാ ചേരിതിരിവുകളെയും ചിന്തകളെയും മുളയിലേ നുള്ളിക്കളയുന്ന സമീപനം തീർച്ചയായും പാഠപുസ്തകത്തിൽ വേണം. നാട്ടിൽ അക്രമം വിതക്കുന്നതിൽ വർഗീയ ചിന്ത പോലെത്തന്നെ വർഗബോധവും വലിയ പങ്കുവഹിച്ചിട്ടുണ്ട്; വഹിക്കുന്നുണ്ട്. അതിനെക്കുറിച്ച സൂചനകളും അറിവുകളും പാഠപുസ്തകത്തിൽ വരേണ്ടതാണ്.

മതാതീത സ്നേഹത്തെക്കുറിച്ച, വർഗാതീത മാനവികതയെക്കുറിച്ച ആഴമുള്ള പാഠങ്ങൾ പുസ്തകത്തിലുണ്ടാവണം. മതത്തെ ഉപയോഗിച്ച് കുഴപ്പം സൃഷ്ടിക്കുന്ന രാഷ്ട്രീയക്കാരെക്കുറിച്ച ജാഗ്രതയും അതിലുണ്ടാവണം.

ബി) ജാതിയെയും മതത്തെയും ഒറ്റശ്വാസത്തിൽ പറയുന്ന ഈ ചോദ്യ രീതിയോട് തന്നെ വിയോജിപ്പുണ്ട്. ജാതി എന്നത് സവിശേഷമായൊരു ഇന്ത്യൻ യാഥാർഥ്യമാണ്. ഇവിടെ നിലനിൽക്കുന്നത് പോലുള്ള ജാതി സമ്പ്രദായം ലോകത്ത് അപൂർവമാണ്. ജാതി മാറാൻ പറ്റില്ല. ജാതി മാറുന്നത് ക്രിമിനൽ കുറ്റമാണ്. എന്നാൽ മതം അങ്ങനെയല്ല. ഇന്നത്തെ മുസ്‌ലിമിന് നാളെ ഹിന്ദു

വാകാം. ഇന്നത്തെ പുലയന് നാളെ നായരാകാൻ പറ്റില്ല. ജാതി സമ്പൂർണമായും ജന്മസിദ്ധവും തെരഞ്ഞെടുപ്പിന് യാതൊരു അവകാശമില്ലാത്തതുമാണ്. എന്നാൽ മതം അങ്ങനെയല്ല. ജാതിയെയും മതത്തെയും കുറിച്ച് തെറ്റായ ഈ സമീകരണ രീതി പാഠപുസ്തകത്തിലും കാണാം.

*14. നവോത്ഥാന മൂല്യങ്ങളുടെയും ഭരണഘടനാ തത്വങ്ങളുടെയും അടിസ്ഥാനത്തിൽ വിലയിരുത്തുമ്പോൾ ഏഴാം ക്ലാസിലെ പാഠപുസ്തകത്തിൽ എന്തെങ്കിലും കൂട്ടിച്ചേർക്കലുകളോ കിഴിക്കലുകളോ ആവശ്യമുണ്ടോ?*

നവോത്ഥാന മൂല്യങ്ങൾ, ഭരണഘടനാ തത്വങ്ങൾ എന്നീ കാര്യങ്ങൾ ഒരേ ശ്രേണിയിൽ പറയുന്നതിൽ തന്നെ ഒരു തരം ബൗദ്ധിക വഞ്ചന പതിയിരിക്കുന്നുണ്ട്. ഭരണഘടനാ തത്വങ്ങൾ പോലെയല്ല നവോത്ഥാന മൂല്യങ്ങൾ. അത് വ്യക്തിയുടെയും സംഘങ്ങളുടെയും ആത്മനിഷ്ഠ ഭാവനകളാണ്. അതിനാൽ ഒരു കാര്യം നവോത്ഥാനമൂല്യം മറ്റൊന്ന് പിന്തിരിപ്പൻ മൂല്യം എന്നു പറയുന്നത് ലളിതമായ കാര്യമല്ല. ഭരണഘടനാ തത്വങ്ങൾ എന്നു പറയുന്നത് പോലെ നിർണിതമായ കാര്യങ്ങളല്ല നവോത്ഥാന മൂല്യങ്ങൾ. ഒരു പ്രത്യേക ചരിത്ര സന്ദർഭത്തിന്റെ പ്രത്യയശാസ്ത്രമാണ് നവോത്ഥാനം. അത് മൂല്യ നിരപേക്ഷവും ചരിത്ര നിരപേക്ഷവുമല്ല. നിത്യഹരിത സത്യമായി സർവരും അത് അംഗീകരിക്കണം എന്നു പറയുന്നത് അസംബന്ധമാണ്.

ഉദാഹരണമായി, നമ്മുടെ സമൂഹത്തിലെ വലിയൊരു വിഭാഗം ജനതയെ സംബന്ധിച്ചേടത്തോളം സ്ത്രീകൾ പർദ ധരിക്കുന്നത് സ്ത്രീയുടെ പവിത്രതയെ ഉയർത്തിപ്പിടിക്കുന്ന വികസിതമായൊരു നവോത്ഥാന ആശയമാണ്. സ്ത്രീക്ക് കരുത്തും അന്തസ്സും ആഭിജാത്യവും നൽകുന്ന അവരുടെ ഒരു തെരഞ്ഞെടുപ്പായാണ് അവർ പർദയെ കാണുന്നത്. എന്നാൽ മറ്റൊരു പ്രബലമായ വിഭാഗം പർദയെ പിന്തിരിപ്പത്തത്തിന്റെയും അടിമത്തത്തിന്റെയും അടയാളമായാണ് കാണുന്നത്. ഇതിൽ ഏതെങ്കിലും ഒരു അഭിപ്രായം മാത്രം നവോത്ഥാന മൂല്യമാണെന്ന് പാഠപുസ്തകത്തിലൂടെ സ്ഥാപിക്കാൻ ശ്രമിച്ചാൽ അത് നമ്മുടെ സാമൂഹിക ഭദ്രതയെ ദോഷകരമായി ബാധിക്കും. നവോത്ഥാന മൂല്യങ്ങൾ പഠിപ്പിക്കുമ്പോൾ നന്നെച്ചുരുങ്ങിയത് ഈ വക സംവാദങ്ങളെക്കുറിച്ചെങ്കിലും കുട്ടിയെ ബോധവൽകരിക്കാൻ ശ്രമമുണ്ടാകണം. പാഠപുസ്തകത്തിന്റെ പൊതുസ്വഭാവം ഈ സംവാദാത്മകതയെ നിരസിക്കുന്നതും ഏകപക്ഷീയത അടിച്ചേൽപിക്കുന്നതുമാണെന്ന് വീണ്ടും ആവർത്തിക്കുന്നു.

ഈ ആശയങ്ങൾ മുന്നിൽ വെച്ച് താഴെ പറയുന്ന കാര്യങ്ങൾ കൂട്ടിച്ചേർക്കാവുന്നതാണ്

എ) കേരളത്തിന്റെ സാമൂഹിക വികാസത്തെ പ്രതിപാദിക്കുന്ന ഭാഗത്ത് വിവിധ മത, സാമൂഹിക വിഭാഗങ്ങൾക്കിടയിൽ നിന്ന് ഉയർന്നു വന്ന നവോത്ഥാന സംരംഭങ്ങളെ ഉൾപ്പെടുത്തണം

ഉദാ:- ക്ഷേത്രപ്രവേശന വിളംബരം, ക്രിസ്ത്യൻ മിഷനറിമാർ, നിവർത്തന പ്രക്ഷോഭം, യോഗക്ഷേമസഭ, മമ്പുറം തങ്ങൾ, വെളിയംകോട് ഉമർഖാദി, എൻ.എസ്.എസ്, എസ്.എൻ.ഡി.പി, കോൺഗ്രസ്, കമ്യൂണിസ്റ്റ് പാർട്ടി എന്നിവയുടെ സംഭാവനകൾ.

ബി) വിദ്യാർത്ഥികളുടെ ജീവിതസാഹചര്യങ്ങളുമായി ബന്ധപ്പെട്ട എല്ലാറ്റിനേയും പ്രശ്നവത്ക്കരിക്കുകയും വിമർശനാത്മക പഠനപ്രക്രിയയുടെ അടിസ്ഥാനത്തിൽ വിലയിരുത്തുകയും ചെയ്യുകയെന്നത് പാഠപുസ്തകത്തിന്റെ പൊതുസമീപനമാണ്. ആ നിലക്ക് കേരളത്തിലെ രാഷ്ട്രീയ പാർട്ടികളും അവയുടെ പ്രശ്നങ്ങളും സാധ്യതകളും പ്രവർത്തനങ്ങളും സംഭാവനകളും പഠനപ്രക്രിയയുടെയും പ്രശ്നവത്കരണത്തിന്റെയും ഭാഗമായി വരണം. പ്രത്യേകിച്ച്, വർഗീയ കലാപങ്ങളെക്കാൾ കൊലപാതകങ്ങളും സംഘട്ടനങ്ങളും രാഷ്ട്രീയത്തിന്റെ പേരിൽ നടക്കുന്ന പശ്ചാത്തലത്തിൽ.

**വർഗീയമായ എല്ലാ ചേരിതിരിവുകളെയും ചിന്തകളെയും മുളയിലേ നുള്ളിക്കളയുന്ന സമീപനം തീർച്ചയായും പാഠപുസ്തകത്തിൽ വേണം. നാട്ടിൽ അക്രമം വിതക്കുന്നതിൽ വർഗീയ ചിന്ത പോലെത്തന്നെ വർഗബോധവും വലിയ പങ്കുവഹിച്ചിട്ടുണ്ട്; വഹിക്കുന്നുണ്ട്. അതിനെക്കുറിച്ച സൂചനകളും അറിവുകളും പാഠപുസ്തകത്തിൽ വരേണ്ടതാണ്.**

സി) ഭൂപരിഷ്കരണത്തെക്കുറുച്ച് പാഠപുസ്തകത്തിൽ ധാരാളമായി വിവരിക്കുന്നുണ്ട്. എന്നാൽ വിമർശനാത്മക പഠനപ്രക്രിയയുടെ സാമഗ്രികളുപയോഗിച്ച് അതിനെ സമീപിക്കാൻ പാഠപുസ്തകം തയാറാവുന്നില്ല. ചോദ്യം ചെയ്യപ്പെടാത്ത മഹത്തായ ആശയം എന്ന പരിവേഷം ഭൂപരിഷ്കരണത്തിന് നൽകാനുള്ള അമിതമായ വെമ്പൽ പാഠപുസ്തകത്തിൽ വായിച്ചെടുക്കാൻ കഴിയും. ഭൂപരിഷ്കരണത്തിന് ശേഷവും എന്തുകൊണ്ട് ചെങ്ങറയും മുത്തങ്ങയും ഉണ്ടാവുന്നു, എന്തുകൊണ്ട് ആദിവാസികൾ ഇന്നത്തെ അവസ്ഥയിൽ തന്നെ തുടരുന്നു തുടങ്ങിയ ചോദ്യങ്ങൾക്ക് കുട്ടിയെ പ്രേരിപ്പിക്കുന്നതിൽ സാമൂഹിക പാഠത്തിൽ തീർച്ചയായും പ്രസക്തിയുണ്ട്.

ഡി-1) കേരളത്തിലെ നവോത്ഥാന സംരംഭങ്ങളെ പരിചയപ്പെടുത്തുന്ന പാഠഭാഗത്ത് ഇവിടെ നിലനിന്നിരുന്ന ജാതി അടിസ്ഥാനമാക്കിയുള്ള വിവേചനങ്ങളെക്കുറിച്ച് വിശദീകരിച്ച് ചർച്ചചെയ്യുന്നുണ്ട്. നിരന്തരപ്രക്ഷോഭങ്ങളിലൂടെയും നിയമനിർമ്മാണങ്ങളുടെയും ഫലമായി ഇത്തരം വിവേചനങ്ങൾ ഇന്ന് കേരളത്തിൽ ഏതാണ്ടൊക്കെ ഇല്ലാതായിട്ടുണ്ട്. മാത്രമല്ല വിവിധ മതസമൂഹങ്ങളും, ജാതികളും സൗഹൃദത്തോടെ ഇന്ത്യക്ക് മൊത്തം മാതൃകയായി ഇവിടെ നിലനിൽക്കുന്നുമുണ്ട്. പഴയ പ്രശ്നങ്ങൾ പറയുമ്പോൾ തന്നെ ഇന്നത്തെ മാതൃകയെക്കുറിച്ച ആത്മാഭിമാനം വളർത്താനുള്ള പാഠഭാഗങ്ങളും ഉണ്ടാകുന്നത് നന്നാവും.

ഡി-2) ജാതീയ വിവേചനങ്ങളെക്കുറിച്ചും അതിനെതിരായ സമരങ്ങളെക്കുറിച്ചുമുള്ള പാഠങ്ങൾ മാതൃകാപരം തന്നെ. അതേ സമയം, അതിനെക്കുറിച്ച് പഠിക്കുന്ന വിദ്യാർഥിയിൽ പുതിയ ജാതീയ വിദ്വേഷങ്ങൾ ഉണ്ടായി വരാൻ അത് കാരണമായിക്കൂട. അതിനാൽ ജാതീയതക്കെതിരായ മുന്നേറ്റത്തിൽ താഴ്ന്ന ജാതിക്കാരും ഉയർന്ന ജാതിക്കാരും വഹിച്ച പങ്കിനെക്കുറിച്ച്, അവരുടെ സംയുക്ത മുന്നേറ്റത്തിലാണ് വിവേചനങ്ങൾ ഇല്ലാതായത് എന്നതിനെക്കുറിച്ച് കുട്ടിയെ ബോധവൽകരിക്കുന്നത് നന്നാവും.

*15. പാഠപുസ്തകത്തിലും അധ്യാപകസഹായിയിലും നിർദേശിച്ചിട്ടുള്ള അധികവായനക്കുള്ള പുസ്തകങ്ങളുടെ പട്ടികയിൽ മറ്റേതെങ്കിലും പുസ്തകങ്ങൾ കൂട്ടിച്ചേർക്കേണ്ടതുണ്ടെങ്കിൽ പട്ടിക തയാറാക്കി നൽകുക.*

1. കേരളത്തിലെ ജാതി വ്യവസ്ഥ (പി.കെ ബാലകൃഷ്ണൻ) 2. മലബാർ സമരം: എം.പി നാരായണ മേനോനും സഹപ്രവർത്തകരും (പ്രഫ. എം.പി.എസ്

മേനോൻ) 3. മമ്പുറം ഫസൽ പൂക്കോയ തങ്ങൾ (ഡോ.പി.കെ പോക്കർ) 4. നിങ്ങളാരെ കമ്യൂണിസ്റ്റാക്കി (സിവിക് ചന്ദ്രൻ) 5. മുഹമ്മദ് അബ്ദുർറഹ്മാൻ സാഹിബ് (എം. റഷീദ്) 6. എന്റെ ജീവിതകഥ (എ.കെ.ജി)

*8. പുതിയ പാഠ്യപദ്ധതി അനുസരിച്ച് വിഭവങ്ങളും വായനാസാമഗ്രികളും ശേഖരിക്കുന്ന കാര്യത്തിൽ ഗ്രാമപ്രദേശങ്ങളിലെ പഠിതാക്കൾക്ക് ഏറെ ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നു എന്ന് പരാതിയുണ്ടോ?*

പുതിയ പാഠ്യപദ്ധതി അനുസരിച്ച് വിഭവങ്ങളും വായനാസാമഗ്രികകളും ശേഖരിക്കുന്നതിൽ നഗരപ്രദേശങ്ങളിലെ പഠിതാക്കളെ അപേക്ഷിച്ച് ഗ്രാമപ്രദേശങ്ങളിലെ പഠിതാക്കൾക്ക് പ്രയാസമുണ്ട് എന്ന വിലയിരുത്തലിനേക്കാൾ കൂടുതൽ ശരി, നഗരങ്ങളിലേയും ഗ്രാമങ്ങളിലേയും സാമൂഹികമായും സാമ്പത്തികമായും വിദ്യാഭ്യാസപരമായും പിന്നാക്കം നിൽക്കുന്ന കുടുംബങ്ങളിലെ പഠിതാക്കൾക്ക് മേൽ സൂചിപ്പിച്ച വിഷയങ്ങളിൽ പ്രയാസങ്ങൾ അനുഭവപ്പെടുന്നുണ്ട് എന്നതാണ്.

*9. എൻ.സി.ഇ.ആർ.ടി തയാറാക്കിയ പാഠപുസ്തകങ്ങളെക്കാൾ നിലവാരം കുറഞ്ഞതാണ് കേരളത്തിലെ പാഠപുസ്തകങ്ങൾ എന്ന് അഭിപ്രായമുണ്ടോ? ഉണ്ടെങ്കിൽ ഏതെല്ലാം ഘടകങ്ങളിലാണ് നിലവാരം കുറഞ്ഞുപോയത്?*

അച്ചടി, കടലാസ് എന്നിവയുടെ കാര്യത്തിൽ വളരെ മോശമാണ് പൊതുവെ പുതിയ പാഠപുസ്തകങ്ങളെല്ലാം. അൽപം കൂടി നന്നാക്കേണ്ടതാണ്.

*10. സി.ബി.എസ്.ഇ സ്കൂളുകളുടെ എണ്ണം സമീപ കാലത്ത് കേരളത്തിൽ വർധിച്ചതായി കണക്കുകൾ സൂചിപ്പിക്കുന്നു. പാഠ്യപദ്ധതി പരിഷ്ക്കരണവുമായി ഇതിനു ബന്ധമുണ്ടോ?*

ആഗോളവത്കരണം സൃഷ്ടിച്ച പുതിയ ലോകസാഹചര്യം, തൊഴിൽ സാധ്യതകളിലും സങ്കൽപങ്ങളിലുമുണ്ടായ മാറ്റം, ജീവിത സാഹചര്യങ്ങളിൽ വന്ന മാറ്റം തുടങ്ങിയവ കേരളീയരുടെ വിദ്യാഭ്യാസ കാഴ്ചപ്പാടിനെ സ്വാധീനിച്ചു. ഇതിന്റെ പ്രതിഫലനമാണ് സി.ബി.എസ്. ഇ. സ്കൂളുകളുടെ വർധനവ്. '90കളിൽ ആരംഭിച്ച പാഠ്യപദ്ധതി പരിഷ്കരണങ്ങളെ തുടർന്ന് രക്ഷിതാക്കളിൽ രൂപപ്പെട്ട ആശങ്കകളും ഈ മാറ്റത്തിന് ആക്കം നൽകിയിട്ടുണ്ട്.

*11. പാഠ്യപദ്ധതി, പുതുക്കിയ പാഠപുസ്തകങ്ങളുടെ ഉള്ളടക്കം, സമീപനം എന്നിവയെ സംബന്ധിച്ച് മറ്റെന്തെങ്കിലും അഭിപ്രായങ്ങൾ ഉണ്ടെങ്കിൽ രേഖപ്പെടുത്തുക.*

എ) സാമൂഹ്യ ജ്ഞാനനിർമ്മിതിവാദം, വിമർശനാത്മക ബോധനശാസ്ത്രം എന്നിവ ഇന്ന് ലോകത്ത് നിലവിലുള്ള അനേകം പഠന ബോധന രീതികളിൽ ചിലത് മാത്രമാണ്. നമ്മുടെ നാട്ടിലെ സൗകര്യങ്ങളുടേയും വിഭവങ്ങളുടേയും പരിമിതിയും സാധ്യതയും പരിഗണിച്ച് വിവിധ ബോധന രീതികളുടെ നല്ല വശങ്ങൾ സംയോജിപ്പിച്ച് പുതിയ രീതി ആവിഷ്കരിക്കാവുന്നതാണ്.

ബി) പുതിയ പാഠ്യപദ്ധതി വിജയകരമായി നടപ്പിലാക്കുന്നതിന് ആവശ്യമായ ഭൗതിക സൗകര്യങ്ങൾ കേരളത്തിലില്ല എന്നത് യാഥാർഥ്യമാണ്. പാഠ്യപദ്ധതി നടപ്പിലാക്കിയതോടൊപ്പമാണ് അതിനാവശ്യമായ ഭൗതിക സൗകര്യവികസനവും നടന്നത്. പദ്ധതി നടപ്പാക്കിയ വേഗതയിൽ പശ്ചാത്തല വികസനം നടന്നില്ല. ഇതുമൂലം പാഠ്യപദ്ധതി വിജയകരമായി നടപ്പിലാക്കാൻ കഴിയുന്നില്ല. ഗ്രാമപ്രദേശങ്ങളാണ് ഇതിന്റെ പ്രയാസങ്ങൾ കൂടുതൽ അനുഭവിക്കുന്നത്. പുതിയ ബോധനരീതി ഫലപ്രദമാക്കാനാവശ്യമായ സൗകര്യങ്ങൾ സ്കൂളുകളിൽ അടിയന്തിരമായി സംവിധാനിക്കണം.

സി) നിരന്തര മൂല്യനിർണ്ണയം മികച്ച ആശയമാണെങ്കിലും പ്രയോഗതലത്തിൽ വേണ്ടത്ര വിജയകരമല്ല. അധ്യാപകർക്ക് ഫലപ്രദമായും നീതിയുക്തമായും നിരന്തര മൂല്യനിർണയം നടത്താൻ പരിശീലനം നൽകണം

ഡി) അധ്യാപക -വിദ്യാർഥി അനുപാതം പുതിയ ബോധന മൂല്യനിർണയ സമീപനങ്ങൾക്ക് അനുഗുണമാകും വിധം അടിയന്തിരമായി പുനർനിർണയിക്കണം. ■